എ.വൈ.ആർ

സൂറ-10

# യൂനുസ്

62 അറിയുവിൻ, അല്ലാഹുവിന്റെ മിത്രങ്ങൾ ഭയപ്പെടാനോ ദുഃഖിക്കാനോ സംഗതിയാകുന്നതല്ല.
63 അവരോ, സത്യത്തിൽ വിശ്വസിക്കുന്നവരും ദൈവഭക്തിയോടെ വർത്തിക്കുന്നവരുമാകുന്നു.
64 അവർക്കുള്ളതാകുന്നു ദൈവിക സുവിശേഷം; ഇഹലോക ജീവിതത്തിലും പരലോക ജീവിതത്തിലും. അല്ലാഹുവിന്റെ വചനങ്ങൾക്കു മാറ്റമില്ല. അതത്രെ മഹത്തായ വിജയം.

أَلَآ إِنَّ أَوْلِيَآءَ ٱللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٦٢﴾
ٱلَّذِينَ ءَامَنُوا۟ وَكَانُوا۟ يَتَّقُونَ ﴿٦٣﴾
لَهُمُ ٱلْبُشْرَىٰ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْـَٔاخِرَةِ ۚ لَا تَبْدِيلَ لِكَلِمَٰتِ ٱللَّهِ ۚ ذَٰلِكَ
هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿٦٤﴾

أَلَآ= അറിയുവിൻ إِنَّ أَوْلِيَآءَ ٱللَّهِ= തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങൾ لَا خَوْفٌ عَلَيْهِمْ= അവരുടെമേൽ ഭയമില്ല(ഭയപ്പെടാനോ)
وَلَا هُمْ= അവർ (സംഗതി ആകുന്നത്) അല്ല يَحْزَنُونَ= ദുഃഖിക്കുന്നവർ(ദുഃഖിക്കാനോ) ٱلَّذِينَ= അവർ യാതൊരുത്തരാകുന്നു(അവരോ)
ءَامَنُوا۟= സത്യത്തിൽ വിശ്വസിച്ചു(വിശ്വസിക്കുന്നവരും)
وَكَانُوا۟ يَتَّقُونَ= അവർ സൂക്ഷിക്കുന്നവരും ആയിരുന്നു (ദൈവഭക്തിയോടെ വർത്തിക്കുന്നവരുമാകുന്നു) لَهُمُ= അവർക്കുള്ളതാകുന്നു
ٱلْبُشْرَىٰ= (ദൈവിക)സുവിശേഷം فِى ٱلْحَيَوٰةِ ٱلدُّنْيَا= ഇഹലോക ജീവിതത്തിൽ وَفِى ٱلْـَٔاخِرَةِ= പരലോക(ജീവിത)ത്തിലും
لَا تَبْدِيلَ= മാറ്റമില്ല لِكَلِمَٰتِ ٱللَّهِ= അല്ലാഹുവിന്റെ വചനങ്ങ(ൾക്ക്)ളിൽ ذَٰلِكَ هُوَ= അതുതന്നെയത്രെ ٱلْفَوْزُ= വിജയം ٱلْعَظِيمُ= മഹത്തായ

**62–64:** അല്ലാഹുവിനോട് നന്ദിയുള്ള ന്യൂനപക്ഷം ജനങ്ങൾ വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ ദീനീപ്രബോധന സംരംഭങ്ങളിൽ ഏർപ്പെടുന്ന വിശ്വാസികളാണെന്ന് സൂചിപ്പിച്ച ശേഷം അവർ അല്ലാഹുവിന്റെ മിത്രങ്ങളാണെന്നും അല്ലാഹുവിന്റെ മിത്രങ്ങളുടെ ലക്ഷണമെന്താണെന്നും വ്യക്തമാക്കുകയാണ്. ഇവിടെ പറയുന്നത് ശ്രോതാക്കൾ ശ്രദ്ധിച്ചു കേൾക്കേണ്ട അതിപ്രധാന സംഗതിയാകുന്നു എന്നുണർത്തുന്നതിനുവേണ്ടിയാണ് സൂക്തം أَلَآ (അറിയുവിൻ) എന്ന പദത്തിൽ ആരംഭിച്ചത്. وليന്റെ ബഹുവചനമാണ് أَوْلِيَآءَ. ഈ പദത്തിന്റെ അർഥം നേരത്തെ വിശദീകരിച്ചിട്ടുണ്ട്. വലിയ്യിൽ സ്നേഹത്തിന്റെയും രക്ഷാധികാരത്തിന്റെയും ആശയമുണ്ട്. സ്നേഹം എന്ന ആശയത്തെ മുൻനിർത്തി വലിയ്യ് എന്നു പറയുമ്പോൾ അർഥം മിത്രം, ഉറ്റബന്ധു, സഹായി, പിൻഗാമി എന്നൊക്കെയാകുന്നു. രക്ഷാധികാരം എന്ന ആശയത്തിന് പ്രാമുഖ്യം നൽകുമ്പോൾ വലിയ്യ് രക്ഷിതാവും കൈകാര്യാധികാരിയും ഭരണകർത്തവുമാകുന്നു. മനുഷ്യരെ മനുഷ്യരുടെ വലിയ്യ് എന്ന് ഈ രണ്ട് അർഥത്തിലും പറയാറുണ്ട്. ولي المرأة സ്ത്രീയുടെ രക്ഷിതാവാണ്; ولي الدّولة രാജ്യത്തിന്റെ ഭരണാധികാരിയും. മരിച്ചവരുടെ ഔലിയാഅ് അവരുടെ മക്കളും മറ്റ് ഉറ്റബന്ധുക്കളുമാണ്. ആപത്ഘട്ടങ്ങളിൽ സഹായം വാഗ്ദാനം ചെയ്യുന്നവർ രണ്ടർഥത്തിലും പരസ്പരം ഔലിയാക്കളാകുന്നു. മനുഷ്യരെ അല്ലാഹുവിന്റെ വലിയ്യ് എന്ന് വിശേഷിപ്പിക്കുമ്പോൾ അല്ലാഹുവിന്റെ മിത്രങ്ങൾ എന്നും, അല്ലാഹുവിനെ മനുഷ്യരുടെ വലിയ്യ് എന്ന് വിശേഷിപ്പിക്കുമ്പോൾ മനുഷ്യരുടെ രക്ഷിതാവ്, വിധാതാവ് എന്നുമാണ് അർഥം. ചെകുത്താനെക്കുറിച്ചും മനുഷ്യന്റെ 'ഔലിയാഅ്' എന്നു പറയാറുണ്ട്. നായകരും കൈകാര്യക്കാരും എന്ന അർഥത്തിലാണത്. ഉദാ: وَٱلَّذِينَ كَفَرُوٓا۟ أَوْلِيَآؤُهُمُ ٱلطَّٰغُوتُ (സത്യത്തെ നിഷേധിച്ചവരുണ്ടല്ലോ, അവരുടെ നായകരും കൈകാര്യാധികാരികളും താഗൂത്താകുന്നു – 2:257). മനുഷ്യരെ ചെകുത്താന്റെ ഔലിയാഅ് എന്നു പറയാറുള്ളത് ചെകുത്താന്റെ കിങ്കരന്മാർ, മിത്രങ്ങൾ എന്ന അർഥത്തിലാണ്. ഉദാ: فَقَٰتِلُوٓا۟ أَوْلِيَآءَ ٱلشَّيْطَٰنِ (ചെകുത്താന്റെ കിങ്കരന്മാരോടു പൊരുതുവിൻ – 4:76).

ഔലിയാഉല്ലാഹ് (അല്ലാഹുവിന്റെ മിത്രങ്ങൾ) സത്യവിശ്വാസികളിൽ ഒരു പ്രത്യേക വിഭാഗമാണെന്നും അവർ മഹാ പുണ്യാത്മാക്കളും അമാനുഷ സിദ്ധി(കറാമത്ത്)കളുള്ളവരും പ്രകൃത്യാതീതമായ മാർഗങ്ങളിലൂടെ ഉപകാരവും ഉപദ്രവവും ചെയ്യാൻ കഴിവുള്ളവരാണെന്നും ഉള്ള ഒരു വിശ്വാസം ജനങ്ങളിൽ പൊതുവിൽ നിലനിൽക്കുന്നുണ്ട്. ഒരാൾ വലിയ്യിന്റെ മർതബ(പദവി)യിൽ എത്തിച്ചേർന്നാൽ പിന്നെ ശരീഅത്തു നിയമങ്ങളിൽനിന്നും പ്രാഥമിക ദീനീബാധ്യതകളിൽനിന്നുപോലും അയാൾ മുക്തനാകുമെന്നുമുണ്ട് സങ്കൽപം. ഈ സങ്കൽപം മുതലെടുത്ത് ധാരാളം വ്യാജന്മാർ ഈ ഇരുപത്തി ഒന്നാം നൂറ്റാണ്ടിലും മുസ്‌ലിം സമുദായത്തിലെ പാമരന്മാരെ പറ്റിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ അനുവാചകരുടെ സവിശേഷ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഈ സൂക്തങ്ങൾ 'ഔലിയാഉല്ലാഹി'യെക്കുറിച്ചു പറയുന്ന കാര്യങ്ങൾ മനസ്സിരുത്തി പഠിക്കേണ്ടതാകുന്നു.

‘അല്ലാഹുവിന്റെ ഔലിയാഅ് ഭയപ്പെടാനോ ദുഃഖിക്കാനോ സംഗതിയാകുന്നതല്ല’ -لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ- എന്നാണ് ആദ്യം അവരെ പരിചയപ്പെടുത്തുന്നത്. ചിലർ ഇതുതന്നെ അവരുടെ അമാനുഷ സിദ്ധി -كرامة- ആയി എണ്ണുന്നു. ഔലിയാക്കൾ ഒരിക്കലും ആരെയും ഭയപ്പെടാത്തവരും ഒരു കാര്യത്തിലും വ്യസനിക്കാത്തവരുമാണ്. കാരണം, ഭൗതിക ജീവിതത്തിലെ എല്ലാ അനിഷ്ടങ്ങളിൽനിന്നും അല്ലാഹു അവരെ ഒഴിവാക്കുകയും പാരത്രിക ജീവിതത്തിൽ സ്വർഗം ഉറപ്പുനൽകുകയും ചെയ്തിരിക്കുന്നു. അല്ലാഹു അവന്റെ ഇഷ്ടദാസന്മാരെ ആപത്തുകളിൽനിന്ന് രക്ഷിക്കുകയും പരലോകത്തു സ്വർഗമരുളുകയും ചെയ്യും എന്നത് ഒരു വസ്തുതയാണ്. ഈ അനുഗ്രഹം സിദ്ധന്മാർ അല്ലെങ്കിൽ ആത്മീയ പുരുഷന്മാർ എന്ന ഒരു പ്രത്യേക വിഭാഗത്തിനു മാത്രമുള്ളതല്ല. ഭൗതിക ജീവിതത്തിൽ സ്വാഭാവികമായി ഉണ്ടാകാവുന്ന ദുഃഖങ്ങളിൽനിന്നും ഭയങ്ങളിൽനിന്നുമെല്ലാം പൂർണമായി മുക്തരാക്കപ്പെടും എന്ന അർഥത്തിലുള്ളതുമല്ല. ഖുർആൻ ഇതിനു മുമ്പത്തിലേറെ സ്ഥലങ്ങളിൽ വിശ്വാസികളെക്കുറിച്ച് لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ എന്നു പറഞ്ഞിട്ടുണ്ട്. സൂറ *അൽബഖറ* 38-ാം സൂക്തത്തിൽ ദൈവിക സന്മാർഗം പിൻപറ്റുന്ന ആരും -مَن تَبِعَ هُدَايَ- ഭയപ്പെടാനോ വ്യസനിക്കാനോ സംഗതിയാകുന്നതല്ല എന്നാണ് പറയുന്നത്. അതേ സൂറ 62-ാം സൂക്തത്തിൽ പറയുന്നതിങ്ങനെയാണ്: “ഈ അന്ത്യപ്രവാചകനെ അംഗീകരിച്ചവരാകട്ടെ, യഹൂദരാകട്ടെ, ക്രൈസ്തവരാകട്ടെ സാബിഉകളാകട്ടെ, ആരായാലും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽകർമങ്ങളാചരിക്കുകയും ചെയ്യുന്നവർക്ക് വിധാതാവിങ്കൽ കർമഫലം ലഭിക്കുന്നതാകുന്നു. അവർ ഭയപ്പെടാനോ ദുഃഖിക്കാനോ സംഗതിയാകുന്നതല്ല.” *അൽബഖറ* 112-ാം സൂക്തത്തിൽ, “ഇസ്‌ലാം സ്വീകരിച്ചവർ ഭയപ്പെടാനോ ദുഃഖിക്കാനോ സംഗതിയാകുന്നതല്ല” എന്നാണ്. *അൽബഖറ* 262-ാം സൂക്തത്തിൽ ഭയവും ദുഃഖവും നിഷേധിക്കുന്നത് നിസ്വാർഥമായി ദാനധർമങ്ങൾ ചെയ്യുന്നവർക്കാണ്. -ٱلَّذِينَ يُنفِقُونَ أَمْوَٰلَهُمْ فِى سَبِيلِ ٱللَّهِ ثُمَّ لَا يُتْبِعُونَ مَآ أَنفَقُوا۟ مَنًّا وَلَآ أَذًى......وَلَا خَوْفٌ- 274-ാം സൂക്തത്തിലും ഇതേകാര്യം ആവർത്തിക്കുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ ചെയ്യുകയും നമസ്കാരം നിലനിർത്തുകയും സകാത്തുകൊടുക്കുകയും ചെയ്യുന്നവർക്കാണ് 277-ാം സൂക്തം ഭയവും ദുഃഖവും നിഷേധിക്കുന്നത്. *ആലുഇംറാൻ, അന്നിസാഅ്, അൽ മാഇദ, അൽ അൻആം, അൽഅഅ്റാഫ്* സൂറകളിൽ വന്നിട്ടുള്ള لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ വചനങ്ങൾ പരിശോധിച്ചാൽ സത്യവിശ്വാസികൾക്ക് പൊതുവായി ലഭിക്കുന്ന ഒരു ദൈവാനുഗ്രഹമായിട്ടാണതു പ്രസ്താവിച്ചിരിക്കുന്നതെന്ന് വ്യക്തമാകും. വിശ്വാസികളിലെ ഒരു പ്രത്യേക വിഭാഗത്തിന് ഭൗതികലോകത്തു ലഭിക്കുന്ന അമാനുഷ സിദ്ധിയാണിതെന്ന സൂചന എവിടെയുമില്ല.

പൂർവിക ഖുർആൻ വ്യാഖ്യാതാക്കൾ ദുഃഖവും ഭയവുമില്ലാത്ത ഈ സമാധാനാവസ്ഥ വിശ്വാസികൾക്ക് സംജാതമാവുക അന്ത്യനാളിലാണ് എന്ന് വിശദീകരിക്കുന്നു. വിചാരണ നാളിലെ ഭീതിതാവസ്ഥയും വിഹ്വലതകളുമൊന്നും അവരെ ബാധിക്കുകയില്ല. ഭൗതിക ജീവിതത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ അനുഷ്ഠിച്ച ഒരു കർമവും പാഴായിപ്പോയതായി ഖേദിക്കേണ്ടിവരികയുമില്ല. അധർമികളും അവിശ്വാസികളുമായി ജീവിതം നയിച്ചവരുടെ അവസ്ഥ നേരെ മറിച്ചായിരിക്കും. വിചാരണാ സഭയുടെ അന്തരീക്ഷം അവരെ വിഭ്രാന്തരും ഭയവിഹ്വലരുമാക്കും. ഭൗതിക ജീവിതത്തിൽ ചെയ്തുകൂട്ടിയ കർമങ്ങളൊക്കെയും തങ്ങൾക്കുതന്നെ എതിരായി ഭവിക്കുന്നതായിപ്പോയല്ലോ എന്ന നൈരാശ്യത്തിന്റെയും നെടും ഖേദത്തിന്റെയും നടുക്കയത്തിൽ അകപ്പെടുകയും ചെയ്യും.

ഭൗതിക ജീവിതത്തിൽ വിശ്വാസികൾക്കും മറ്റുള്ളവരെപ്പോലെ ഭയവും ദുഃഖവും എല്ലാം ഉണ്ടായിരിക്കും. പ്രവാചകന്മാർക്കുവരെ ഉണ്ടായിട്ടുണ്ട്. എങ്കിലും ഭൗതിക ജീവിതത്തിലുണ്ടാകുന്ന ഭയദുഃഖാദികളിൽ വിശ്വാസികളുടെയും അവിശ്വാസികളുടെയും അവസ്ഥ വ്യത്യസ്ഥമാണ്. എത്ര ഭയാനകമായ പ്രതിസന്ധിഘട്ടത്തിലും വിശ്വാസിയുടെ കൈവശം ഒരു പിടിവള്ളിയുണ്ടായിരിക്കും. താനൊറ്റക്കല്ല, ആപൽബാന്ധവനും സർവശക്തനുമായ അല്ലാഹു കൂടെയുണ്ട് എന്ന വിശ്വാസമാണത്. ഏതു ഭയാവസ്ഥയിലും ഈ വിശ്വാസം അവന് ധൈര്യവും സമാധാനവും നൽകിക്കൊണ്ടിരിക്കും. അതുകൊണ്ട് ആത്മനിയന്ത്രണം നഷ്ടപ്പെടാതെ പിടിച്ചുനിൽക്കാൻ അവനു കഴിയുന്നു. ആശിച്ചതുനേടാൻ കഴിയാതിരിക്കുമ്പോഴും വിലപ്പെട്ടത് നഷ്ടപ്പെടുമ്പോഴുമൊക്കെ വിശ്വാസിക്കും ദുഃഖമുണ്ടാകും. എങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്തിലും ഔദാര്യത്തിലുമുള്ള പ്രതീക്ഷ അവനെ സമ്പൂർണമായ നൈരാശ്യത്തിലും നിഷ്ക്രിയത്വത്തിലും വീണുപോകാതെ രക്ഷിക്കുന്നു. ഈയർഥത്തിൽ ഭൗതിക ജീവിതത്തിലും വിശ്വാസികൾ ഭയദുഃഖങ്ങളിൽനിന്നു മുക്തരാകുന്നുവെന്നു പറയാം. ഈ ജീവിതത്തിൽ വിശ്വാസിയുടെ ഭയമുക്തിക്കും ദുഃഖമുക്തിക്കും മറ്റൊരു മാനമുള്ളതിതാണ്: മനുഷ്യന്റെ അത്യാർത്തികളും അമിതാസക്തികളുമാണ് ദുഃഖത്തിന്റെയും ഭയത്തിന്റെയും ഉറവിടം. ധനത്തിൽ ആർത്തിപൂണ്ടവൻ എത്ര സമ്പാദിച്ചാലും പിന്നെയും പിന്നെയും സമ്പാദിക്കാൻ മോഹിച്ചുകൊണ്ടിരിക്കുന്നു. ഒരുവശത്ത് മോഹിച്ചത്ര സമ്പാദിക്കാൻ കഴിയാത്തതിലുള്ള ദുഃഖവും, മറുവശത്ത് സമ്പാദിച്ചത് നഷ്ടപ്പെട്ടേക്കുമോ എന്ന ഭയവും അവനെ വേട്ടയാടിക്കൊണ്ടിരിക്കും. മറ്റു ഭൗതിക വിഷയങ്ങളിൽ ഭ്രമിക്കുന്നവരുടെയും അവസ്ഥ ഇതുതന്നെ. അല്ലാഹുവിൽ വിശ്വസിക്കേണ്ട വിധം വിശ്വസിച്ചവൻ എല്ലാ കാര്യങ്ങളും അല്ലാഹുവിൽ സമർപ്പിക്കു(തവക്കുൽ)ന്നു. അല്ലാഹു വിധിച്ചതിൽ സംതൃപ്തനാകുന്നു. അവൻ നേട്ടങ്ങളിൽ നിഗളിക്കുകയില്ല. നഷ്ടങ്ങളിൽ നിരാശപ്പെടുകയുമില്ല. ലഭിക്കുന്നതെന്തും അല്ലാഹു നൽകുന്നതായേ കാണൂ; നഷ്ടപ്പെടുന്നതെന്തും അവൻ തിരിച്ചെടുത്തതായും. ലഭിക്കുമ്പോൾ അതു തിരിച്ചെടുക്കാനുള്ള അല്ലാഹുവിന്റെ അധികാരത്തിൽ വിശ്വസിക്കുന്നവർ നഷ്ടപ്പെടുമ്പോൾ വീണ്ടും ലഭിക്കാൻ അവന്റെ ഔദാര്യത്തിൽ പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നു. ഈ ആശ്വാസത്തിനും പ്രതീക്ഷക്കുമിടയിൽ അമിതഭയത്തിനും നൈരാശ്യത്തിനും ഇടമില്ല.

ഇഹത്തിലും പരത്തിലും ഭയത്തിൽനിന്നും ദുഃഖത്തിൽനിന്നുമുള്ള മോചനം അല്ലാഹുവുമായുള്ള മൈത്രിയുടെ ഫലമാണ്. ആരാണ് അല്ലാഹുവിന്റെ മിത്രം, എന്താണ് അല്ലാഹുവുമായുള്ള മൈത്രി എന്നെല്ലാമാണ് ٱلَّذِينَ ءَامَنُوا۟ وَكَانُوا۟ يَتَّقُونَ (അവരോ സത്യത്തിൽ വിശ്വസിക്കുന്നവരും ദൈവഭക്തിയോടെ വർത്തിക്കുന്നവരുമാകുന്നു) എന്ന വാക്യം വ്യക്തമാക്കുന്നത്. അല്ലാഹുവിലും അവന്റെ ഗുണവിശേഷണങ്ങളിലും അധികാരാവകാശങ്ങളിലും പരലോകത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുകയാണ് ഈമാൻ. ഇതുതന്നെയാണ് അല്ലാഹുവുമായുള്ള മൈത്രി. ഈ വിശ്വാസങ്ങൾ മനുഷ്യരിൽ ചില ബാധ്യതകൾ ചുമത്തുന്നുണ്ട്. ഉദാഹരണമായി, അല്ലാഹുവിൽ വിശ്വസിക്കുന്നവൻ അല്ലാഹുവല്ലാത്തവരുടെ ദിവ്യത്വം നിഷേധിക്കാൻ ബാധ്യസ്ഥനാകുന്നു. അല്ലാഹുവിന്റെ ശക്തികളിലും അധികാരാവകാശങ്ങളിലും വിശ്വസിക്കുന്നവൻ അല്ലാഹുവിനെ ആരാധിക്കാനും അനുസരിക്കാനും ബാധ്യസ്ഥനാകുന്നു. ഈ ബാധ്യതകൾ നിറ

വേറ്റപ്പെടുന്നതിലൂടെയാണ് അല്ലാഹുവിലുള്ള വിശ്വാസം അഥവാ മൈത്രി യാഥാർഥ്യമാകുന്നത്. അതാണ് 'തഖ്‌വ' എന്നു വ്യവഹരിക്കപ്പെടുന്നത്. അല്ലാഹുവിന്റെ മിത്രം എന്ന പദവിയിലെത്തുകയും ഭയ ദുഃഖങ്ങളിൽനിന്നുള്ള മുക്തി എന്ന അതിന്റെ ഫലം നേടുകയും ചെയ്യുന്നവർ അല്ലാഹുവിൽ ആത്മാർഥമായി വിശ്വസിക്കുകയും അവന്റെ വിധിവിലക്കുകൾ ജാഗ്രതയോടെ പാലിച്ചു ജീവിക്കുകയും ചെയ്യുന്നവരാണ്. യഥാർഥ വിശ്വാസികളെല്ലാം ഔലിയാഉല്ലാഹിയാണ്. ഇതല്ലാതെ, പ്രാർഥന കേൾക്കാനും സംരക്ഷിക്കാനും കഴിവുള്ള അതിമാനുഷരല്ല ഔലിയാഉല്ലാഹി. അല്ലാഹുവിന്റെ വിധിവിലക്കുകൾ ജാഗ്രതയോടെ അനുസരിക്കുക-وَكَانُوا۟ يَتَّقُونَ - എന്നതാണ് അല്ലാഹുവിന്റെ ഔലിയാക്കളുടെ പ്രത്യക്ഷ ലക്ഷണം. ഒരാൾക്ക് അല്ലാഹുവിനോടുള്ള മൈത്രി- ولاية -എത്രത്തോളം ശക്തവും ഉന്നതവുമാണോ അത്രത്തോളം അയാൾ ദൈവിക ശരീഅത്തിന്റെ വിധികൾ അനുസരിക്കുന്നതിൽ ദത്തശ്രദ്ധനായിരിക്കും. വ്യാജ ഔലിയാക്കളെ തിരിച്ചറിയുന്നതിനുള്ള വ്യക്തമായ മാനദണ്ഡമാണ് ശരീഅത്തിനോടുള്ള അവരുടെ കൂറും വിധേയത്വവും. ഖുർആൻ ഇത്ര ലളിതമായ മാനദണ്ഡം നിർദേശിച്ചിട്ടും മുസ്‌ലിം സമുദായത്തിൽ ഇസ്‌ലാമിക ധർമങ്ങൾ പാലിക്കാതിരിക്കുകയും സദാചാര മര്യാദകൾ പോലും ലംഘിക്കുകയും ചെയ്യുന്ന വ്യാജ ഔലിയാക്കൾക്ക് വിലസാൻ കഴിയുന്നത് അത്ഭുതകരം തന്നെ.

അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ വിധിവിലക്കുകൾ പാലിച്ച് ഭക്തിയോടെ ജീവിതം നയിക്കുകയും ചെയ്യുന്നവർക്ക് അവങ്കൽനിന്ന് അവരുടെ ഐഹിക ജീവിതത്തിൽ ദൈവശത്രുക്കളുടെ മേലുള്ള വിജയത്തിന്റെയും പരലോകത്ത് അനുഗൃഹീതമായ സ്വർഗലബ്ധിയുടെയും സുവിശേഷമുണ്ട്. വിശ്വാസികൾ ഒരിക്കലും പരീക്ഷിക്കപ്പെടുകയില്ല എന്ന് ഇതിനർഥമില്ല. തീർച്ചയായും ക്ലിഷ്ടമായ പല പരീക്ഷണങ്ങൾക്കും അവർ വിധേയരാകും. അങ്ങനെ വിശ്വാസത്തിന്റെ മാറ്റു തെളിയിക്കപ്പെട്ടവർക്കാണ് വിജയവും സ്വർഗവും വാഗ്ദാനം ചെയ്യുന്നത്.

أَحَسِبَ ٱلنَّاسُ أَن يُتْرَكُوٓا۟ أَن يَقُولُوٓا۟ ءَامَنَّا وَهُمْ لَا يُفْتَنُونَ ﴿٢﴾ وَلَقَدْ فَتَنَّا
ٱلَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُوا۟ وَلَيَعْلَمَنَّ ٱلْكَـٰذِبِينَ ﴿٣﴾

(ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നവകാശപ്പെട്ടതുകൊണ്ടു മാത്രം പരീക്ഷിക്കപ്പെടാതെ വിട്ടയക്കപ്പെടുമെന്ന് ജനങ്ങൾ ധരിച്ചുവെച്ചിരിക്കുകയാണോ?! എന്നാൽ അവർക്കുമുമ്പ് കഴിഞ്ഞുപോയ സകല ജനങ്ങളെയും നാം പരീക്ഷിച്ചിരിക്കുന്നു. സത്യവാന്മാരാരെന്നും വ്യാജന്മാരാരെന്നും തീർച്ചയായും അല്ലാഹുവിന് തീർച്ചയായും കണ്ടറിയേണ്ടതുണ്ട് – 29:2,3). പരീക്ഷണങ്ങളിലൂടെ അർഹത തെളിയിച്ചവർക്ക് അന്തിമവിജയം നൽകുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ് وَلَا تَهِنُوا۟ وَلَا تَحْزَنُوا۟ وَأَنتُمُ ٱلْأَعْلَوْنَ إِن كُنتُم مُّؤْمِنِينَ (ദുർബലനാകരുത്, വ്യഥിതനാവരുത്! യഥാർഥ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണതിജയിക്കുന്നവർ – 3:139). "അല്ലാഹുവിനോടും അവന്റെ റസൂലിനോടും പോരാടുന്നവർ അതിനീചരാകുന്നു. ഞാനും എന്റെ മുർസലുകളും അതിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു രേഖപ്പെടുത്തിവെച്ചിട്ടുണ്ട്" (58: 20,21).

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ مِنكُمْ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَيَسْتَخْلِفَنَّهُمْ فِى
ٱلْأَرْضِ

(നിങ്ങളിൽ യഥാർഥത്തിൽ വിശ്വസിക്കുകയും സൽകർമങ്ങളാചരിക്കുകയും ചെയ്തവരെ ഭൂമിയിലെ പ്രതിനിധികളാക്കി വാഴിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നു – 23:55). വിശ്വാസികൾക്കുണ്ടാകുന്ന സുന്ദരസ്വപ്നങ്ങൾ പ്രകൃത സൂക്തത്തിൽ പരാമർശിക്കുന്ന സുവിശേഷത്തിൽ പെട്ടതാണെന്ന് പ്രവാചകൻ(സ) പ്രസ്താവിച്ചതായി ഇമാം അഹ്‌മദും ഹാകിമും ഉദ്ധരിച്ചിട്ടുണ്ട്.

പാരത്രിക സൗഭാഗ്യങ്ങളുടെ സുവിശേഷത്തെക്കുറിച്ച് സൂറ *അത്തൗബ* 21-ാം സൂക്തത്തിൽ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്:

يُبَشِّرُهُمْ رَبُّهُم بِرَحْمَةٍ مِّنْهُ وَرِضْوَٰنٍ وَجَنَّـٰتٍ لَّهُمْ فِيهَا نَعِيمٌ
مُّقِيمٌ

(അവരുടെ നാഥൻ അവങ്കൽനിന്നുള്ള അനുഗ്രഹത്തിന്റെയും പ്രീതിയുടെയും ശാശ്വതമായി നിലനിൽക്കുന്ന സൗഭാഗ്യങ്ങളുള്ള സ്വർഗത്തിന്റെയും സുവിശേഷം അവരെ അറിയിക്കുക). മലക്കുകളിലൂടെയാണ് ഈ സുവിശേഷം നൽകുകയെന്ന് സൂചിപ്പിച്ചുകൊണ്ട് പറയുന്നു:

إِنَّ ٱلَّذِينَ قَالُوا۟ رَبُّنَا ٱللَّهُ ثُمَّ ٱسْتَقَـٰمُوا۟ تَتَنَزَّلُ
عَلَيْهِمُ ٱلْمَلَـٰٓئِكَةُ أَلَّا تَخَافُوا۟ وَلَا تَحْزَنُوا۟ وَأَبْشِرُوا۟ بِٱلْجَنَّةِ ٱلَّتِى
كُنتُمْ تُوعَدُونَ

(ഞങ്ങളുടെ വിധാതാവ് അല്ലാഹുവാണെന്ന് പ്രഖ്യാപിക്കുകയും എന്നിട്ടതിൽ അടിയുറച്ചു നിലകൊള്ളുകയും ചെയ്തവരുണ്ടല്ലോ, തീർച്ചയായും അവരുടെ മേൽ മലക്കുകളിറങ്ങുന്നുണ്ട്. ഭയപ്പെടേണ്ട, ദുഖിക്കേണ്ട! നിങ്ങൾക്കു വാഗ്ദത്തം ചെയ്യപ്പെട്ട സ്വർഗസുവിശേഷം അറിഞ്ഞു കൊള്ളുവിൻ എന്ന് മലക്കുകൾ അവരെ ആശംസിച്ചുകൊണ്ടിരിക്കും – 41:30). മരണവേളയിലും മലക്കുകൾ വിശ്വാസികളെ സ്വർഗലബ്ധിയുടെ സുവിശേഷം നൽകി അഭിവാദ്യം ചെയ്യുന്നു:

جَنَّـٰتُ عَدْنٍ يَدْخُلُونَهَا تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ۖ لَهُمْ فِيهَا مَا يَشَآءُونَ ۚ
كَذَٰلِكَ يَجْزِى ٱللَّهُ ٱلْمُتَّقِينَ

(മലക്കുകൾ പരിശുദ്ധന്മാരുടെ ജീവൻ പിടിച്ചെടുക്കുമ്പോൾ ആശംസിക്കും: നിങ്ങൾക്ക് സമാധാനം! നിങ്ങൾ ചെയ്തുകൊണ്ടിരുന്ന കർമങ്ങളുടെ ഫലമായി സ്വർഗത്തിലേക്കു പ്രവേശിച്ചു കൊള്ളുക – 16:31).

അല്ലാഹുവിന്റെ ഈ വാഗ്ദാനം ഒരിക്കലും ലംഘിക്കപ്പെടുന്നതല്ല. لَا تَبْدِيلَ لِكَلِمَـٰتِ ٱللَّهِ (അല്ലാഹുവിന്റെ വചനങ്ങൾക്കു മാറ്റമില്ല) എന്നാണ് മൂലവാക്യം. كلمات (വചനങ്ങൾ) എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് വാഗ്ദാനമാണ്. അത് തീർച്ചയായും നിറവേറ്റപ്പെടുക തന്നെ ചെയ്യും. ആ വാഗ്ദാനത്തിന് അർഹനാവുക എന്നതാണ് മനുഷ്യന് നേടാവുന്ന ഏറ്റം മഹത്തായ വിജയം.

أَلَآ إِنَّ أَوْلِيَآءَ ٱللَّهِ.......... എന്ന സൂക്തത്തെയും ഹദീസുകൾ എന്ന പേരിൽ ഉദ്ധരിക്കപ്പെടുന്ന കുറെ വചനങ്ങളെയും ആധാരമാക്കി ഔലിയാക്കൾ അമാനുഷസിദ്ധികളുള്ള ഒരു പ്രത്യേക വിഭാഗമാണെന്നും, വിലായത് നുബുവ്വത്തിനെക്കാൾ ശ്രേഷ്ഠമാണെന്നും അതിനാൽ ഔലിയാക്കൾ അമ്പിയാക്കളുടെ മീതെയാണെന്നും ഒരു സിദ്ധാന്തം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഔലിയാക്കളും സിദ്ധന്മാരും പ്രകൃത്യതീത മാർഗേണ ഗുണദോഷങ്ങൾ വരുത്താൻ കഴിവുള്ള ദിവ്യന്മാരാണെന്നും അവരോട് പ്രാർഥിച്ചും അവർക്കു നേർച്ചകൾ നേർന്നും അനുഗ്രഹങ്ങൾ നേടാവുന്നതാണെന്നുമുള്ള പാമര സങ്കൽപത്തിന്റെ ഉറവിടം അതാണ്. ഔലിയാക്കൾ അമ്പിയാക്കളെക്കാൾ ശ്രേഷ്ഠരാണെന്ന വാദം അബദ്ധജഡിലമാണെന്ന് ബഹുഭൂരിപക്ഷം ഇസ്‌ലാമിക

പ്രസ്ഥാനങ്ങളും പണ്ഡിതന്മാരും സമർഥിച്ചിട്ടുണ്ടെങ്കിലും ശിർക്കുപരമായ ഈ സങ്കൽപവും അതനുസരിച്ചുള്ള നടപടികളും അഭംഗുരം നിലനിൽക്കുകയാണ്. أَلَآ إِنَّ أَوْلِيَآءَ ٱللَّهِ എന്ന സൂക്തത്തിന്റെ താൽപര്യം മുകളിൽ വിവരിച്ചു കഴിഞ്ഞു. വിശ്വാസ ദാർഢ്യത്തിന്റെയും കർമഗുണങ്ങളുടെയും ഏറ്റക്കുറവനുസരിച്ച് വിശ്വാസികളുടെ പദവിയിൽ ഏറ്റക്കുറവുണ്ടാവാം. ഈ പദവിവ്യത്യാസം പ്രത്യക്ഷമാവുക പരലോകത്താണ്; ഇഹലോകത്തല്ല. ഈ വ്യത്യാസം പ്രവാചകന്മാർക്കിടയിലും ഉണ്ടായിരിക്കുമെന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്. وَلَقَدْ فَضَّلْنَا بَعْضَ ٱلنَّبِيِّـۧنَ عَلَىٰ بَعْضٍ (തീർച്ചയായും ചില പ്രവാചകന്മാരെ നാം മറ്റുചിലരെക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നു - 17: 55). അതോടൊപ്പം ഇഹലോകത്ത് പ്രവാചകന്മാർ എന്നനിലയിൽ എല്ലാവരും ഒരുപോലെയാണ്. لا نفرّق بين أحد مّن رسله അവന്റെ ദൂതന്മാരിൽ ആരോടും വിവേചനം കാണിക്കാതിരിക്കുക എന്നത് മുസ്‌ലിമിന്റെ വിശ്വാസപരമായ ബാധ്യതയാകുന്നു.

أَلَآ إِنَّ أَوْلِيَآءَ ٱللَّهِ എന്ന സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ നബി(സ)യിൽനിന്ന് ഏറെ ഉദ്ധരിക്കപ്പെടുന്ന സംഭവം ഇതാണ്: ഒരിക്കൽ പ്രവാചകൻ പറഞ്ഞു: "അല്ലാഹുവിന്റെ ദാസന്മാരിൽ ചിലർക്കു ലഭിക്കുന്ന മഹത്വം തങ്ങൾക്കും ലഭിച്ചെങ്കിൽ എന്ന് അമ്പിയാക്കളും ശുഹദാക്കളും മോഹിക്കും." ചില ശിഷ്യന്മാർ ചോദിച്ചു: "തിരുദൂതരേ, ആരാണക്കൂട്ടർ?" പ്രവാചകൻ: "സാമ്പത്തികമോ വംശീയമോ ആയ താൽപര്യത്തിന്റെ പേരിലല്ലാതെ അല്ലാഹുവിനുവേണ്ടി പരസ്പരം സ്നേഹിക്കുന്നവരാണവർ. അവരുടെ മുഖം പ്രകാശമാനമാകുന്നു. പ്രകാശത്തിന്റെ തട്ടകങ്ങളിലുള്ള പ്രകാശം. ആളുകൾ പേടിക്കുമ്പോൾ അവർ പേടിക്കില്ല. ആളുകൾ ദുഃഖിക്കുമ്പോൾ ദുഃഖിക്കുകയുമില്ല." തുടർന്ന് തിരുമേനി(സ) أَلَآ إِنَّ أَوْلِيَآءَ ٱللَّهِ എന്ന സൂക്തം പാരായണം ചെയ്തു. ഈ നിവേദനം ഒന്നിലേറെ പരമ്പരകളിലൂടെ വന്നിട്ടുണ്ടെങ്കിലും എല്ലാ പരമ്പരകളിലും ദൗർബല്യമുള്ളതായി ഹദീസ് പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. നിവേദക പരമ്പരയിൽ മാത്രമല്ല, ഔലിയാക്കൾ പ്രവാചകന്മാരിൽ അസൂയ ഉളവാകും മട്ടിൽ അവരെക്കാൾ ശ്രേഷ്ഠരാണെന്ന ധ്വനിമൂലം ഉള്ളടക്കംകൊണ്ടും അപ്രമാണികമാണെന്ന് ചില പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. ഔലിയാക്കളുടെ പോരിശ പറയുന്ന ഏതാണ്ടെല്ലാ ഹദീസുകളുടെയും സ്ഥിതി ഇതുതന്നെയാണ്. കൂട്ടത്തിൽ ഏറ്റം പ്രബലമായത് ബുഖാരി ഉദ്ധരിച്ച من عادى لى وليا فقد آذنته بحرب (എന്റെ വലിയ്യിനോട് വിരോധം കാണിച്ചവനോട് ഞാൻ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു) എന്നു തുടങ്ങുന്ന നിവേദനമാണ്. ബുഖാരി മാത്രം ഉദ്ധരിച്ചിട്ടുള്ളതും സ്വഹീഹുൽ ബുഖാരിയിലെ അപരിചിത (غرائب) ഹദീസുകളിൽ ഒന്നുമാണിതെന്ന് ഹാഫിള് ഇബ്നു റജബ് പറയുന്നു. ഈ ഹദീസിന്റെ നിവേദകരിൽ ചിലരെ ഇമാം അഹ്മദും മറ്റും വിമർശിക്കുകയും അവരുടെ റിപ്പോർട്ടുകളെ അനഭിമതങ്ങൾ -مناكير- ആയി ഗണിക്കണമെന്നഅഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. ഈ ഹദീസിൽ,

ولا يزال عبدى يتقرّب إليّ بالنوافل حتى أحبه فإذا أحببته كنت سمعه الذى يسمع به

(എന്റെ ദാസൻ ഞാൻ അവനെ സ്നേഹിക്കുവോളം ഐഛിക കർമങ്ങളാൽ എന്നോടടുത്തുകൊണ്ടിരിക്കും. ഞാൻ സ്നേഹിച്ചാൽ പിന്നെ അവൻ കേൾക്കുന്ന ചെവി ഞാനാകുന്നു) എന്നും ഉണ്ട്. ഇത് വലിയ്യ് അല്ലാഹുവിൽ വിലയം പ്രാപിച്ച് ഒന്നായിത്തീരും (الحلول والإتّحاد) എന്നതിനു തെളിവായി ഉന്നയിക്കപ്പെടുന്നുണ്ട്. ഒരുവേള ഹദീസ് സാധുവാണെങ്കിൽ തന്നെ സൃഷ്ടി, സ്രഷ്ടാവിൽ ലയിക്കുക എന്ന അർഥത്തിലല്ല അതിനെ മനസ്സിലാക്കേണ്ടതെന്ന് പ്രമാണികരായ എല്ലാ പണ്ഡിതന്മാരും വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവിന്റെ സ്നേഹഭാജനമായിത്തീർന്നവർ കാണുന്നതും കേൾക്കുന്നതും പ്രവർത്തിക്കുന്നതുമെല്ലാം അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യങ്ങളായിരിക്കും എന്നാണതിനർഥം. കാരണം حلول ഉം اتّحاد ഉം തൗഹീദുമായി പൊരുത്തപ്പെടുന്ന സങ്കൽപങ്ങളല്ല.

അത്ഭുതസിദ്ധികൾ -كرامات-ആണ് ഔലിയാ വിശ്വാസത്തെ താങ്ങിനിർത്തുന്ന വലിയൊരു സ്തംഭം. പുണ്യാത്മാക്കൾക്ക് ദിവ്യാത്ഭുതശക്തി ഉണ്ടെന്നു വാദിക്കുന്നവരും ഇല്ലെന്നു വാദിക്കുന്നവരുമുണ്ട്. അതിന്റെ സത്യം എന്തായാലും പ്രവാചകന്മാരല്ലാത്തവർക്ക് അല്ലാഹുവിങ്കൽ നിന്നുള്ള പ്രത്യേക ദിവ്യാത്ഭുത ശക്തി ലഭിക്കുന്നതായി ഖുർആൻ പറയുന്നില്ല. പ്രവാചകന്മാർക്കു തന്നെ അല്ലാഹു ഇഛിക്കുമ്പോൾ ഇഛിക്കുന്ന കാര്യത്തിൽ മാത്രം ഉണ്ടാകുന്നതാണ് ദിവ്യാത്ഭുത സിദ്ധി. സ്വേഛാനുസാരം ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താൻ തങ്ങൾക്ക് കഴിയില്ലെന്ന് പ്രവാചകന്മാർ തുറന്നു പ്രസ്താവിക്കുന്നുമുണ്ട്. പ്രവാചകന്മാരുടെ പ്രവാചകത്വം ചോദ്യം ചെയ്യപ്പെടുമ്പോൾ അത് സ്ഥിരപ്പെടുത്താനുള്ള തെളിവായിട്ടായിരുന്നു അല്ലാഹു അവരിലൂടെ അമാനുഷികമായ അത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തിയിരുന്നത്. പ്രവാചകന്മാർക്ക് പോലും പരിമിതമായ തോതിൽ മാത്രം ലഭിച്ച അത്ഭുത സിദ്ധികൾ ഔലിയാക്കൾക്ക് യഥേഷ്ടം ലഭിക്കുന്നു എന്നു വിചാരിക്കുന്നത് യുക്തിസഹമല്ല. പ്രവാചകന്മാർക്കു ലഭിക്കുന്നത് മുഅ്ജിസത്തും ഔലിയാക്കൾക്ക് ലഭിക്കുന്നത് കറാമത്തും ആകുന്നു എന്നാണ് പറയുന്നത്. ഔലിയാഇന്നുണ്ടാകുന്നത് അമാനുഷ ദിവ്യാത്ഭുതമല്ലാത്ത മറ്റെന്തോ ആണെന്നാണിതിനർഥം. അല്ലാഹു പ്രവാചകന്മാർക്കു നൽകുന്ന ദിവ്യസിദ്ധികളല്ലാത്ത ചില അത്ഭുതങ്ങൾ കാണിക്കാനുള്ള കഴിവ് ഔലിയാക്കളുടെ കുത്തകയല്ല. ആഭിചാരകർക്കും ജാലവിദ്യക്കാർക്കുമെല്ലാം ആ കഴിവുണ്ട്. എന്തിനേറെ ദജ്ജാൽ പോലും പല അത്ഭുതങ്ങളും കാണിക്കുമെന്ന് ഹദീസുകളിൽ നിന്നു വ്യക്തമാകുന്നു. അത്ഭുത സിദ്ധികൾ പ്രകടിപ്പിക്കുന്നവർ മുസ്‌ലിംകളിൽ മാത്രമല്ല; ക്രൈസ്തവരിലും ഹൈന്ദവരിലും ബുദ്ധരിലും ഒരു മതവും ഇല്ലാത്തവരിലും എല്ലാമുണ്ട്. ഭൗതികമായ കാര്യകാരണ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നമുക്ക് വിശദീകരിക്കാൻ കഴിയാത്ത കാര്യങ്ങളെ നാം അത്ഭുതസിദ്ധികളായി കരുതുന്നു. പക്ഷേ കാര്യകാരണങ്ങൾ നമുക്ക് വിശദീകരിക്കാൻ കഴിയുന്നില്ല എന്നതുകൊണ്ട് അക്കാര്യം കാര്യകാരണ വ്യവസ്ഥക്കതീതവും അഭൗതികവുമായിക്കൊള്ളണമെന്നില്ല.

സൂഫികളാണ് അതിമാനുഷരായ ഔലിയാക്കളുടെയും അവരുടെ അമാനുഷസിദ്ധി(കറാമത്തു)കളുടെയും മുഖ്യ പ്രമോട്ടർമാർ. എന്നാൽ മഹാജ്ഞാനികളും നിഷ്കളങ്കരുമായ സൂഫികൾ തന്നെ അത്ഭുത സിദ്ധികളെ മാത്രം 'വിലായ'ത്തിന്റെ ലക്ഷണമായി കണക്കാക്കരുതെന്ന് സമുദായത്തെ താക്കീതു ചെയ്തിട്ടുള്ളതായി ഇമാം റശീദ് രിദാ ഉദ്ധരിക്കുന്നു: "ഒരാൾ ജലത്തിന്മീതെ നടക്കുന്നതോ വായുവിൽ പറക്കുന്നതോ കണ്ടതുകൊണ്ട് അയാളെ വലിയ്യായി ഗണിക്കരുത്; അയാൾ ശരീഅത്തിന്റെ വിധിവിലക്കുകൾ പാലിച്ചുവരുന്നതായി കാണുന്നതുവരെ." ശഅ്റാനി തന്റെ *അൻവാറുൽ ഖുദ്സിയ്യ* എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: "കറാമത്തുകൾ പ്രത്യക്ഷപ്പെടുകയെന്നത് വിലായത്തിന്റെ ഉപാധിയല്ല. അല്ലാഹുവിന്റെ കൽപനകളനുസരിക്കലും അവൻ നിരോധിച്ചവ വെടിയലും മാത്രമാകുന്നു അതിന്റെ ഉപാധി. അപ്പോൾ അയാളുടെ ചര്യ ഖുർആനിനോടും സുന്നത്തിനോടും സുദൃഢമായി ബന്ധിക്കപ്പെട്ടതായിരിക്കും. ഏതൊരുവൻ അപ്രകാരമാണോ അവന്റെ 'വിലായത്ത്' ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു ; ആരും അതിൽ വിശ്വസിച്ചില്ലെങ്കിലും." ഖുർആനിന്റെ ആ സാക്ഷ്യമാകുന്നു أَلَآ إِنَّ أَوْلِيَآءَ ٱللَّهِ മുതൽ ٱلْفَوْزُ ٱلْعَظِيمُ വരെയുള്ള വാക്യങ്ങൾ. ■